
DOUBLE CLICK
GGHSS PERUMBAVOOR

***Little Kites of GGHSS Perumbavoor***

***proudly presents.......***

# *“DOUBLE CLICK 2019-20”*



**OUR BELOVED HM, G USHAKUMARI**

# EDITORIAL

***I APPLAUD THE EFFORT PUT BY LITTLE KITE TEAM TO ENCOURAGE THEBUDDING TALENTS BY PROVIDING THEM A PLATFORM FOR EXPRESSING THEIR IDEAS AND SKILLS.....***



## *Our Beloved Principal, Udayakumar V*

പെരുമ്പാവൂർ ഗവ.ഗേൾസ് എച്ച്.എസ്.എസിലെ ചുണക്കുട്ടികളായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു......



***"BOOKS ARE THE MEANS BY WHICH WE BUILD BRIDGES BETWEEN CULTURES"***

# OUR RETIRING STAFF



സുധാകുമാരി



എസ്.കെ.ലിസി



ഓമന എ.കെ



തങ്കം.എം.എം

# OUR SPC TEAM




## 2020 RD PARADE WINNERS



# കവിത

ഓർമ്മയിൽ വീണ്ടും

ഒരച്ഛന്റെ വിലാപവും

ഒരുരുള ചോറുമായ്

ഇടനെഞ്ചു പൊട്ടി

കാത്തിരുന്നോരമ്മയും...

കക്കയം ക്യാമ്പും

കാലമേറെക്കഴിഞ്ഞിട്ടും

ഇന്ദ്രപ്രസ്ഥത്തിൽ

മഹാരഥന്മാർ

പലർ വന്നുപോയിട്ടും

മകനെ നിനക്കു

ശാപമോക്ഷമില്ലല്ലോ.

**ജി. ഉഷാകുമാരി**

# Just a moment…

- Advice after mischief is medicine after death.
- A man is known by the company he keeps.
- Ask no questions and you will be told no lies.
- A man without relatives is a man without trouble.
- A friend to everybody is a friend to nobody.
- A candle lights other and consumes itself.
- A man without courage is a knife without edge.

# مدرستي

يا مدرستي. يا مدرستي

فيك علوم. فيك زهور

فيك سرور. فيك علوم

فيك سلام. فيك رجاء

انت سماءي. انت علوي

يا مدرستي. يا مدرستي

***Fathima Bathool , 5C***

# നുണ

നുണ പറയുന്ന ശീലം എല്ലായിടത്തും എല്ലാക്കാലത്തുമുണ്ട്. അത് ഒരിക്കലും അവസാനിക്കുന്നില്ല .ഓരോ നിമിഷവും പുതിയ നുണകൾ രൂപപ്പെടുന്നു .അത് ചിലപ്പോൾ നല്ലതാവാം .നല്ല തിനാവാം .ചിലപ്പോൾ ചീത്തയുമാവാം .. കൗമാരക്കാരായ കുട്ടികൾ കൂടുതൽ നുണപറയുന്നതായി കണ്ടുവരുന്നു .നുണ പറയുന്നത് മോശം പ്രവണതയാണ് .പല കാരണങ്ങൾ കൊണ്ടാണ് നമ്മൾ നുണ പറയുന്നത് .പല നുണകളും മറ്റുള്ളവരെ വളരെയധികം വേദനിപ്പിച്ചേക്കാം .ചിലപ്പോൾ അവരുടെ ജീവിതം തന്നെ ഇല്ലാതായേക്കാം. നുണകൾകണ്ടു പിടിച്ചാൽ മറ്റുള്ളവരുടെ മുന്നിൽ പരിഹാസപാത്രമായിത്തീരും എന്നോർക്കുക .നമ്മുടെ വാക്കുകൾ മറ്റുള്ളവരെ ഉപദ്രവിക്കാനാകരുത് .എത്രനുണ പറഞ്ഞാലും സത്യം സത്യമല്ലാതാകുന്നില്ല. നുണ ഇരുതലമൂർച്ചയുള്ള വാൾ പോലെയണ്. എന്തു തന്നെ സംഭവിച്ചാലും നുണ പറയാതിരിക്കുകയാണ് ഏറ്റവും ഉത്തമം.

الشعر

# الكتاب

كتابي يا مركز العلوم

حبيبي يا مصدر الحصول

صديقي انت. مكسبي

حميمي انت مقصدي

كفي انت لي العلا

هديتني. انت مرشدي

# ക്വിസ്

.. മലയാളത്തിലെ ആദ്യത്തെ നോവൽ ?

കുന്ദലത

.ലക്ഷണമൊത്ത ആദ്യത്തെ ഖണ്ഡകാവ്യം?

വീണ പൂവ്

.കേരള വാല്മീകി എന്നറിയപ്പെടുന്ന ആൾ ?

വള്ളത്തോൾ നാരായണമേനോൻ

.ഗദ്യവും പദ്യവും ഇടകലർത്തി എഴുതുന്നത് ?

ചമ്പുക്കൾ

.മലയാളത്തിൽ ആദ്യം അച്ചടിച്ച പുസ്തകം ?

സംക്ഷേപ വേദാർത്ഥം

.മലയാളത്തിലെ ആദ്യ ചെറുകഥ ?

വാസനാവികൃതി

ആദ്യത്തെ സന്ദേശകാവ്യം ?

ഉണ്ണുനീലി സന്ദേശം

.ആദ്യത്തെചരിത്ര നോവൽ?

മാർത്താണ്ഡവർമ്മ .

# Riddles

1. what is greater than god

more evil than the devil

the poor have it

the rich need it

and if you eat it you will die

NOTHING

2.imagine you are in a dark room. how do you get out?

STOP IMAGINING

3. what invention lets you look right through a wall

WINDOW

4.If you have me, you want to share me.

If you share me,you haven't got me.

What am i?

SECRET

الشعر

# انين كيرالا

بكيت لنفسي والاهلي
أصاب الهم والحزم
وجاء الهم مأساوي
هلاك انت يا فيضان
فراق لي من الافراح
سماءي انت امطرني
سحابي خنت لاهلي
من الآفات والأحزان
نجاتي انت يا الله
وساعد كل اوقاتي

റൈഹാനത്ത്

# കലാലയം

സുവർണ്ണ സ്വപ്നങ്ങൾക്ക് വർണ്ണപ്പകിട്ടു ചാർത്താൻ
വന്നു ഈ കലാലയത്തിൽ
ഒന്നും നിനച്ചല്ല ഒന്നും കൊതിച്ചല്ല
എങ്കിലോ എനിക്കു പ്രിയമീ കലാലയം

മനസ്സു പൂവെയ്ക്കാൻ
സ്വപ്നങ്ങൾക്കു നിറം ചാർത്താൻ
വന്നു ഒരു കൂട്ടം ചായങ്ങൾ
എൻ പ്രിയ സുന്നത്തുക്കൾ

സ്നേഹിക്കാൻ, സ്നേഹം പങ്കുവെയ്ക്കാൻ
കിന്നരിക്കാൻ, അല്പം സല്ലപിക്കാൻ
പിണങ്ങാൻ ,പിന്നെ ഇണങ്ങാൻ
എന്റെ കൂട്ടു കാരിയാണവളെൻ സഖി

കഴിയുമോ വിട്ടു പോകാൻ
ഈ കലാലയത്തെ, കഴിയുമോ എനിക്ക്

ഫർഹാന ഷമീർ , 9 E

# അഭയാർത്ഥി

ഇന്ന് ,

ഞാനൊരു അഭയാർത്ഥി

ആധാർ കാർഡില്ല

റേഷൻ കാർഡില്ല

പാൻ കാർഡില്ല

വോട്ടർ ഐഡിയുമില്ല .

വീണു കിട്ടിയ ഫോണുണ്ട്

അതും ബന്ദാകുമെന്ന മെസ്സേജുണ്ട്

ജനിച്ചത് ഇന്ത്യയിൽ

പക്ഷേ തെളിവില്ല

അമ്മയെ അറിയില്ല

വളർത്തമ്മയെ അറിയില്ല

ആരോ വലിച്ചെറിഞ്ഞ് തെരുവിലെത്തിയവൾ

രാജ്യസ്നേഹവും കൂറും മനസ്സിലുണ്ട്

പക്ഷേ തെളിയിക്കാൻ കാർഡുകളില്ല

രാജ്യമേ മാപ്പ്

ഒടുവിൽ കാരാഗൃഹത്തിലെങ്കിലും

ഇടമുണ്ടാകുമെന്ന

പ്രതീക്ഷ ...

ഫാത്തിമ മെഹ്റിൻ

# സ്വാമി വിവേകാനന്ദൻ

കൽക്കത്തയിലെ പ്രസിദ്ധമായ ദത്തവംശത്തിലെ വിശ്വനാഥ ദത്തയുടേയും ഭുവനേശ്വരീദേവിയുടേയും
പുത്രനായി 1863 ജനുവരി 12 ന് വിവേകാനന്ദൻ ജനിച്ചു. നരേന്ദ്രൻ എന്നായിരുന്നു ചെറുപ്പത്തിലെ പേര്
മഹായോഗിയായിരുന്ന ശ്രീരാമകൃഷ്ണ പരമഹംസന്റെ ശിഷ്യത്വം സ്വീകരിച്ച് അദ്ദേഹം 'സ്വാമി വിവേകാനന്ദൻ'
ആയി. 1893-ൽ ചിക്കാഗോയിൽ നടന്ന സർവമത സമ്മേളനത്തിൽ അദ്ദേഹം ഇന്ത്യയെ പ്രതിനിധീകരിച്ച് സംസാരിച്ചു. " അമേരിക്കയിലെ എന്റെ സഹോദരീ സഹോദരന്മാരേ"
എന്നായിരുന്നു അദ്ദേഹം അവരെ സംബോധന ചെയ്തത് . ഒരു മതത്തേയും നിന്ദിക്കരുത് , എല്ലാ
മതങ്ങളും നദികൾ സമുദ്രത്തിൽ ലയിക്കുന്നതു പോലെ ഒരേ ദൈവത്തിൽ വന്നവസാനിക്കുന്നു.
ഇതായിരുന്നു അദ്ദേഹം പ്രസംഗിച്ചതിന്റെ ചുരുക്കം. ലക്ഷ്യം നേടുന്നതു വരെ പ്രവർത്തിക്കുക
എന്നതായിരുന്നു അദ്ദേഹത്തിന്റെ തത്വം.

ഹാലിയ പർവീൺ , 5C

# തണൽ

എൻ തണൽ നീ വെട്ടിമാറ്റി
തണലില്ലാത്ത ഞാനിന്ന് അനാഥനാണ്
അതിനാലാവണം നീയെന്നെ
വേട്ടയാടുന്നതും

തണൽ നഷ്ടപ്പെട്ട
ഞാൻ മൗനമെന്ന
കൂട്ടുകാരിയെ
കൂടെക്കൂട്ടി

എങ്കിലുമൊരുന്നാൾ
തണൽ നഷ്ടപ്പെട്ട
എല്ലാ പെൺ കുട്ടികളുടേയു
നാവായി,വാളായി

തണലായി,താങ്ങായി
ഒരു പെൺകൊടി
ഉയർത്തെഴുന്നേൽക്കും
നീ കാത്തിരുന്നോളൂ ....

ഫാത്തിമത്ത് സഫ് ന , 9 E

# നമ്മുടെ ഭൂമി

ഭൂമി ഒരു വലിയ ദുരന്തത്തിൽ പെട്ടിരിക്കുകയാണ്. അതിനു കാരണം നാം തന്നെ . നമ്മുടെ വീട്ടിൽ ഉണ്ടാവുന്ന മാലിന്യങ്ങൾ പോലും പൊതു സ്ഥലങ്ങളിലും പുഴകളിലും കനാലുകളിലും എല്ലാം വലിച്ചെറിയുകയാണ് . അതിനാൽ നമ്മുടെ ഭൂമി മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുകയാണ്.

ശ്വസിക്കാൻ നല്ല വായു ഇല്ലാതായി. വീട്ടിലെ കിണർജലം പോലും കുടിക്കാൻ പറ്റാതായി. മനുഷ്യനെപ്പോലെ തന്നെ മറ്റ ജീവജാലങ്ങൾക്കും ഭൂമിയിൽ ജീവിക്കാൻ പറ്റാത്ത അവസ്ഥയാണ് ഇന്നുള്ളത് . കടലിൽ ജീവികൾ ചത്തുപൊങ്ങുന്ന അവസ്ഥ. എല്ലാ കുടിവെള്ള സ്രോതസുകളും മലിനമാക്കപ്പെടുന്നു. പ്ലാസ്റ്റിക്ക് പൂർണമായി ഉപേക്ഷിച്ച് , നമ്മുടെ ഭൂമിയെ മലിനമാക്കാതെ സംരക്ഷിച്ച് നമുക്ക് നമ്മുടെ ഭൂമിയെയും നമ്മെത്തന്നെയും രക്ഷിക്കാം

അസ്ന കെ.കെ , 9E

# EVERY SINGLE CELL

Every single cell in my body is happy.Every Single Cell in my body is fine.
Thankyou lord,I fell so good [2]
Cos,every single cell in my body la,la,la........
Trillions of cells are in my body
Trillions of cells are in all for us
Man is special, we all are special. [2]
Trillions of cells are in my body
Trillions of cells are in all of us la,la,la
With in different shapes and with in different size the
cells in a proper way [3]
Nerval cells, muscle cell, bone cell and blood cell.[2]
With in different shapes and with in different size and
cell are in a proper way..........,
Every single cell[2]

# എന്റെ ചാച്ചാ

പ്രിയ കൂട്ടുകാരെ,

കളിച്ചും ചിരിച്ചും വർത്തമാനം പറഞ്ഞും നമ്മളോടൊപ്പം നടക്കാൻ ഇഷ്ടമാമാണെന്ന് ഉറക്കെപ്പറഞ്ഞ ഒരു വിശ്വപൗരൻ നമുക്കുണ്ടായിരുന്നു. ചെടികൾ, പൂക്കൾ, പക്ഷികൾ, മൃഗങ്ങൾ, നക്ഷത്രങ്ങൾ, പർവ്വതങ്ങൾ തുടങ്ങി നമുക്കു ചുറ്റുമുള്ള അത്ഭുതങ്ങളായ പ്രതിഭാസങ്ങളെ പറ്റി പറയാനും കേൾക്കാനും നമ്മളോടൊപ്പം അതെല്ലാം ആസ്വദിക്കാനും ഇഷ്ടപ്പെട്ട ഒരു രാഷ്ട്രനായകൻ. ലോകത്തിന്റെ മനോഹാരിത ഇനിയും നഷ്ടമായിട്ടില്ലെന്ന് ഉറച്ചുവിശ്വസിച്ച കൂടുതൽ വിവേകത്തോടെ ചുറ്റുമുള്ള പ്രകൃതിയുടെ തുടിപ്പും ഭംഗിയും ആസ്വദിക്കാൻ നമ്മളെ പഠിപ്പിച്ച സ്വന്തം ചാച്ചാജി.

"നെഹ്റു മഹാനായിരുന്നു.......നെഹ്റു ഇന്ത്യക്കാർക്ക് അവരുടെ അസ്തിത്വം നൽകി. ഇതിൽ മറ്റുള്ളവർ വിജയിക്കും എന്ന് ഞാൻ കരുതുന്നില്ല."

ചാച്ചാജിയെ കുറിച്ച് സർ. യെശയ്യാവു ബെർലിൻ പറഞ്ഞ  മനോഹരമായ വരികളാണിത്. അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 14 – നാണ് നമ്മൾ ശിശുദിനമായി ആചരിക്കുന്നത്. ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രി, ഏറ്റവും കൂടുതൽ കാലം ആ സ്ഥാനത്തിരുന്നയാൾ, മഹാനായ സാഹിത്യക്കാരൻ, പഞ്ചശീല തത്ത്വത്തിന്റെ ഉപജ്ഞാതാവ്, ഗാന്ധിജിയുടെ വത്സലശിഷ്യൻ ഇങ്ങനെയെല്ലാം പ്രശസ്തനായ അദ്ദേഹം 1889 നവംബർ  14 – നാണ് ജനിച്ചത്. അദ്ദേഹത്തിന്റെ അച്ഛൻ പണ്ഡിറ്റ് മോട്ടീലാൽ നെഹ്റുവാണ്.

അദ്ദേഹം തന്റെ 27 - ാം വയസ്സിൽ കമലാ കൗളിനെ വിവാഹം ചെയ്തു. 28 - ാം വയസ്സിൽ അവർക്ക് കുഞ്ഞ് പിറന്നു. അവൾ ഇന്ദിരാ പ്രിയദർശിനി എന്ന പേരിൽ അറിയപ്പെട്ടു. ചാച്ചാജി ആദ്യമായി ഗാന്ധിജിയെ കണ്ടുമുട്ടിയത് 1916 – ൽ ലക്നൗവിൽ വെച്ചായിരുന്നു. കൊച്ചുകുട്ടികളോടുള്ള സ്നേഹവും അവർക്കുവേണ്ടി എന്തും ചെയ്തുകൊടുക്കാം എന്ന നെഹ്റുവിന്റെ മനോഭാവത്തോടുള്ള ആദരസൂചകമായിട്ടാണ് നമ്മളെല്ലാവരും അദ്ദേഹത്തെ ചാച്ചാജി എന്ന് വിളിക്കുന്നത്.

"മനോഹരം ശ്യാമ മഗാധമാണീ
വനാന്തരം സുന്ദരമെങ്കിലും ഹാ!
എനിക്കു പാലിച്ചിടുവാനനേകം
പ്രതിജ്ഞയുണ്ടിനിയുമെന്റെ മുന്നിൽ
കിടപ്പുകാതങ്ങളനേകമിക്കണ്ണടഞ്ഞിടും
മുമ്പിവനിന്നുതാങ്ങാൻ
കിടപ്പുകാതങ്ങളനേകമിക്കണ്ണടഞ്ഞിടും
മുമ്പിവനിന്നുതാങ്ങാൻ."

മഹാകവി റോബേർട്ട് ഫ്രോസിന്റെ" മഞ്ഞുമൂടിയ സന്ധ്യയിൽ വനത്തിൻ ചാരെ നിൽക്കവേ" എന്ന കവിതയിലെ മനോഹരമായ വരികളാണിത്. ചാച്ചാജി തന്റെ മേശയ്ക്കരികിൽ സൂക്ഷിക്കാറുള്ള വരികൾ കൂടിയാണിത്. ഇതിന്റെ മഹത്ത്വം അതിന്റെ വരികളിലെ അഗാധമായ അർത്ഥതലമാണ്. നമുക്കുവേണ്ടി കുറെയേറെ സംഭാവനകൾ ചെയ്തിട്ടുണ്ട് ചാച്ചാജി. ഇത്രയേറെ കാര്യങ്ങൾ ചെയ്ത ആധുനിക ഇന്ത്യയുടെ ശില്പ്പിയായ നമ്മുടെ ചാച്ചാജി 1964 മെയ് 27 – ന് നമ്മെ വിട്ടുപിരിഞ്ഞു.

# COMMON HEALTH ISSUES

**TOP 10 MOST COMMON HEALTH ISSUES ARE:-**

- Physical activity and nutrition
- Overweight and obesity
- Tobacco
- Substance abuse
- HIV/AIDS
- Mental health
- Injury and violence
- Environmental qualities
- Immunization
- Assesss to health care

## TOP 10 NEW MEDICAL TECHNOLOGIES IN 2019

- Robotic surgery
- Wireless brain sensor
- 3D printing
- Artificial organs
- Health wearables
- Precision medicine
- Virtual reality
- Telehealth
- Crispr

# PLASTIC EATING BACTERIA

1. The discovery of ideonella sakaiensis has potential importance for the degradation of PET plastics poior to its discovery the only knewn degraders of PET were a small numbers of bacteria and fungi. This bacterium was originally isolated from a sediment sample taken outside of a plastic bottle family in Japan.

It has potential importance for the degradation of PET plastics. It works by secreting an enzyme knew as PETase. This splits certain chemical bonds in PET leaving smaller molecule that the bacteria can absorb using carbon in them as a food source.

# ഗ്ലോബൽ ഭൂതം

എന്താ ദാമൂ ഇത് ? ഇഡ്ഡലിയുടെ വലുപ്പം ഇങ്ങനെ ചെറുതായി ചെറുതായി വരുന്നത്.ഇപ്പോൾ ഒരു നാണയത്തുട്ടിന്റെ വലുപ്പം മാത്രേമേ ഉള്ളല്ലോ!

എന്തു ചെയ്യാനാ എന്റെ പരമുച്ചേട്ടാ,കേട്ടില്ലേ ഗ്ലോബലൈസേഷൻ,ലിബറലൈസേഷൻ,പ്രൈവറ്റൈസേഷൻ.എത്ര ഭയാനികമാണിതെല്ലാം.ഇതിൽപ്പെട്ടാണ് ഈ ഇഡ്ഡലിയുടെ വലുപ്പം ഇങ്ങനെയായത്.പിന്നെ രൂപയുടെ മൂല്യം ഇടിഞ്ഞപ്പോൾ എല്ലാത്തിന്റെയും രൂപം എങ്കിലും നാണയത്തെപ്പോലെ ഇരുന്നോട്ടെ എന്ന് ഞാനും കരുതി.ചെറിയ ഒരു ലിബറൽ ചിന്തകനാണേ ഞാൻ.

അപ്പോൾ അങ്ങനെയാണ് കാര്യങ്ങളുടെ പോക്ക്. ഈ ഗ്ലാസ്സിലെ ചായയും ഗ്ലോബൽ ഭൂതമാണ് വിഴുങ്ങുന്നത്.

അതെയതെ, ഈ ഗ്ലോബൽ ഭൂതം ഒരു ഡ്രാഗണെപ്പോലെ ചായയും വലിച്ചുകുടിച്ചുകളഞ്ഞു. പക്ഷെ അതിന്റെ വിലയ്ക്ക് വ്യത്യാസം ഇല്ലാട്ടോ.

അപ്പോ മോനേ ദാമൂ, ഈ ഗ്ലോബൽ ഡ്രാഗൺ എന്റെ ചോരയും നീരും വലിച്ചുകുടിക്കുന്നതിന് മുമ്പ് ഞാൻ പോകുന്നു.എനിക്കീ ചായയും ഇഡ്ഡലിയും വേണ്ടാട്ടോ.

# മകൾക്ക്

കരയുന്നില്ലീ താതൻ
അണിയിക്കട്ടെ കൊലുസു
നിൻ സ്വർണ്ണനിറമാർന്നാ
കുഞ്ഞുപാദങ്ങളിൽ........
കിലുങ്ങി ചിരിക്കില്ലെന്നു
അറിവുണ്ടെന്നാലും എൻ
നിശ്വാസങ്ങളിൽ



ആശ്വാസമായി നിറവേറുന്നീ വാഗ്ദാനം.....
അച്ഛനമിട്ട പുത്തനുടുപ്പ്
നിൻ ആഗ്രഹസാഫല്യത്തിനായി
വരനുമൊപ്പം ഒരുനാൾ
കൈപിടിച്ചിറങ്ങി പോകവേകരയാൻ
ബാക്കിവെച്ച കണ്ണുനീർ
ഞൊടിയിടയിൽ വാർന്നൊഴുകുമെന്നു
നിനച്ചീല്ലീ നിമിഷം വരെ
അമ്മക്കൊപ്പം ആർത്തലക്കാൻ
ആകുന്നില്ലീ അച്ഛനു
എന്തെന്നാൽ ഒത്തിരിയില്ലാത്ത
ഇത്തിരി നേരം
കണ്ടുകൊള്ളട്ടെ പൊന്നോമനേ നിൻ മുഖം
തന്നീടുകമകളെനിക്കൊരുറപ്പ്
ജന്മാന്തരങ്ങളിലും എൻ മകളായി മാത്രം
പിറക്കുമെന്നൊരു വാക്ക്....

**സരിത ഷിജിൽ**

# ന്റെ കുഞ്ഞുകവിത

പച്ചപ്ലാവില
കുമ്പിളാക്കി
ഓട്ടുകിണ്ണത്തിൽ
കഞ്ഞികുടിച്ച
ബാല്യമിന്നും
ഓർക്കാൻ മറക്കുന്നില്ല..
വിരളമാർന്ന
ചോറുതേടി
തവളപിടിക്കുംപോലെ
എൻകുഞ്ഞിക്കൈ
എത്രയോ നേരം തപ്പിത്തടഞ്ഞു..
പോഷകഗുണമാർന്ന
കഞ്ഞിവെള്ളമാണെന്നും
എന്റെ വയറുനിറച്ചത്.....
സന്ധ്യക്കമ്മ
തിരിവെക്കുമ്പോൾ
വിശക്കല്ലെന്നു മാത്രം
പ്രാർത്ഥിച്ച ബാല്യമിന്നും
ഓർമച്ചെപ്പിൽ......
കറ്റയും തലയിലേന്തി
കൊയ്ത്തുപാടത്തിനു
വരമ്പിൽ തെന്നിത്തെറിച്ച
വീണു വിതുമ്പിയ കാലമിന്നും
മായുന്നില്ല ഓർമയിൽ...
കറ്റതല്ലലും മെതിയും കഴിഞ്ഞു പൊലിയുമായി
വന്നന്തിപ്പായയിൽ
ചൊറിഞ്ഞുറങ്ങിയ
രാവുകൾ............
സമയമേറെ പിന്നിട്ടു

കാലമേറെപ്പോയി

സമൃദ്ധിയുടെ നാളുകൾ

വന്നുതലോടി

എങ്കിലുമില്ല അന്നുപാടിയ

കൊയ്ത്തുപാട്ടിന്റെ ഈണമൊന്നും

ഇന്നിന്റെ

സമൃദ്ധിക്ക്........

**സരിത ഷിജിൽ**

# DID YOU KNOW

A bear has 42 teeth

An Ostrich,s eye is bigger than it's brain

Gold fish can see both infra red and ultra violet light..

A cat has 32 muscles in each ear

A cat has 32 muscles in each ear

# Message from flowers

**Acasia:** Secret love, Friendship

**Blue violet:** faithfulness

**Daffodils:** hope regard

**Daisy:** Innocence

**Indian Jasmine:** Attachment

**White Lily:** Purity and sweetness

**Red Rose:** love, unity

**Red tulip:** declaration of love

**Yellow Rose:** friendship